ഹൈസ്കൂൾ തലത്തിൽ നാച്ചുറൽ സയൻസ് അദ്ധ്യാപകരുടെ ഒഴിവുകൾ

75 (3716) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഹൈസ്കൂൾ തലത്തിൽ നാച്ചുറൽ സയൻസ് അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പുതിയ അദ്ധ്യയന വർഷത്തിൽ ഇവയുടെ എത്ര ഒഴിവുകൾ ഉണ്ടാവും ;

(സി) ഒഴിവുകൾ നിലവിലുള്ളതും, ഉണ്ടാകാനിടയുള്ളതുമായ സ്കൂളുകൾ ഏതെല്ലാമാണ് ;

(ഡി) പ്രസ്തുത ഓരോ സ്കൂളുകളിലുമുള്ള ഒഴിവുകളുടെ എണ്ണം വെളിപ്പെടുത്തുമോ ;

(ഇ) കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, മലപ്പുറം ജില്ലകളിലേക്ക് ഹൈസ്കൂൾ തലത്തിൽ നാച്ചുറൽ സയൻസ് വിഭാഗത്തിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിനായുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ആരുടെ എല്ലാം ;

(എഫ്) ഇവയിൽ എത്രയെണ്ണം അനുവദിച്ചു ; അനുവദിച്ച അപേക്ഷകൾ ആരുടേതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു വരുന്നു.

പൊതുമരാമത്ത് വകുപ്പ് നേരിട്ട് നടത്തിയ പണികൾ

76 (3717) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പ് എത്ര വർക്കുകൾ നേരിട്ട് പണി നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വർക്കുകൾ ഏതെല്ലാമെന്നും ഓരോ വർക്കിനും എത്ര രൂപ വീതം ചെലവ് ചെയ്തുവെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(സി) ഈ വർക്കുകൾ പൊതുമരാമത്ത് ഉദ്യോഗസ്ഥർ നേരിട്ട് നടത്തുകയായിരുന്നോ അതോ സബ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ആയിരുന്നോ നടത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏതു സാഹചര്യങ്ങളിൽ ആണ് ഡിപ്പാർട്ടുമെന്റ് നേരിട്ട് വർക്കുകൾ നടത്തുന്നത് ;

(ഇ) ഈ വർക്കുകൾക്ക് എല്ലാം ഭരണാനുമതിയും പ്രത്യേകാനുമതിയും സാങ്കേതികാനുമതിയും നൽകിയിരുന്നോ ;

(എഫ്) ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്തിയ ജോലികൾക്ക് മുൻകൂർ എസ്റ്റിമേറ്റ് എടുത്തിരുന്നോ ;

(ജി) ഏതെങ്കിലും വർക്കിന് മുൻകൂർ എസ്റ്റിമേറ്റ് എടുക്കാതെ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത ജോലികളുടെ വിശദാംശങ്ങൾ അറിയിക്കാമോ ;

(എച്ച്) ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്തിയ വർക്കുകൾ ഓരോന്നും ഏത് ഷെഡ്യൂൾ നിരക്കിൽ ആണ് എസ്റ്റിമേറ്റ് എടുത്തിരുന്നത് ;

(ഐ) അംഗീകരിച്ച ഷെഡ്യൂൾ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ മേൽപ്പറഞ്ഞ വർക്കുകളിൽ ഏതെങ്കിലും വർക്കിന് പേയ്മെന്റ് നടത്തിയിട്ടുണ്ടോ ;

(ജെ) ഉണ്ടെങ്കിൽ ഓരോ വർക്കിനും ഷെഡ്യൂൾ നിരക്കിനേക്കാൾ അധികം നൽകിയ നിരക്ക് എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ & ബി) ദേശീയ പാതാ വിഭാഗത്തിന്റെ കീഴിൽ ഒരു വർക്കും ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്തിയിട്ടില്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. കെട്ടിടങ്ങളും തദ്ദേശ ജോലികളും വിഭാഗത്തെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം(എ)യിൽ കൊടുത്തിരിക്കുന്നു.†

(സി) കെട്ടിടങ്ങളും തദ്ദേശജോലികളും വിഭാഗത്തിൽ പീസ് വർക്കായി കമ്മീഷൻ വിളിച്ചാണ് ഈ വർക്കുകൾ നടത്തിയിട്ടുള്ളത്. നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ഡി) ടെണ്ടർ വിളിക്കുമ്പോൾ പണി ഏറ്റെടുക്കാൻ ആളില്ലാതെ വരികയും പണി അത്യാവശ്യമായും സമയബന്ധിതമായും ചെയ്തു തീർക്കേണ്ട സാഹചര്യത്തിലും വളരെയധികം നിരക്ക് ആവശ്യപ്പെടുന്ന സാഹചര്യത്തിലും പല പ്രാവശ്യം ടെണ്ടർ വിളിച്ചാലും വളരെയധികം നിരക്ക് ആവശ്യപ്പെടുന്ന സാഹചര്യത്തിലും, ഡിപ്പാർട്ടുമെന്റ് നേരിട്ട് വർക്കുകൾ നടത്തുന്നതാണ് ചെലവു കുറഞ്ഞിരിക്കുന്നതെന്ന് ബോധ്യപ്പെടുമ്പോഴും വർക്കുകളുടെ സ്വഭാവം അനുസരിച്ച് സർക്കാർ നൽകുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലുമാണ് ഡിപ്പാർട്ടുമെന്റ് നേരിട്ട് പണികൾ ചെയ്യുന്നത്.

(ഇ) നൽകിയിരുന്നു.

(എഫ്) എടുത്തിരുന്നു.

(ജി) ബാധകമല്ല

(എച്ച്) അനുബന്ധം (ബി)യിൽ കൊടുത്തിരിക്കുന്നു.†

†അനുബന്ധം XII (എ, ബി)

LIBRARY ARCHIVES Kerala Legislative Assembly

(ഐ) നടത്തിയിട്ടില്ല.

(ജെ) ബാധകമല്ല.

റോഡുകളുടെ നിർമ്മാണം

77 (3718) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം റോഡുകളുടെ പണിയാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനകം എത്ര കിലോമീറ്റർ റോഡുകളാണ് നിർമ്മിച്ചിട്ടുള്ള തെന്നും അവ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടതാണെന്നും വിശദമാക്കുമോ ;

(സി) ലോകബാങ്ക് സഹായത്തോടെയുള്ള റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ടെക്നിക്കൽ അസിസ്റ്റന്റ്സ് പ്രോജക്ടിന്റെ കീഴിൽ റോഡ് വിക സനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇതനുസരിച്ച് എത്ര കിലോമീറ്റർ റോഡ് ഈ വർഷം നിർമ്മിക്കു ന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

(സി & ഡി) ലോക ബാങ്ക് സഹായത്തോടെയുള്ള റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ടെക്നിക്കൽ അസിസ്റ്റൻസ് പ്രോജക്ടിൽപ്പെടുത്തി റോഡ് അപ്ഗ്രഡേഷനു വേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഇതിന്റെ സാദ്ധ്യതാ പഠന റിപ്പോർട്ട് ഡിസംബർ മാസം ലോക ബാങ്കിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഇതിൻ പ്രകാരം മേജർ ജില്ലാ റോഡുകളും സംസ്ഥാന ഹൈവേ കളും ഉൾപ്പെടെ 1000 കിലോമീറ്റർ റോഡ് അപ്ഗ്രേഡ് ചെയ്യുന്നതിനും 800 കിലോമീറ്റർ റോഡ് മെയിന്റനൻസ് ചെയ്യുന്നതിനും ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII (a)

30-3-2000-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 76 (3717) ദയവായി കാണുക

ആലപ്പുഴ ജില്ല

1.	പുതിയ എം. എൽ. എ. സ്കീമിൽ മാവേലിക്കരയിൽ മിനി സിവിൽസ്റ്റേഷൻ ചെലവ്	16,00,000

തിരുവനന്തപുരം ജില്ല

1.	വി. ജെ. ടി. ഹാൾ പുനരുദ്ധാരണം	42,00,000
2.	പ്ലാനിംഗ് ബോർഡ് ഓഫീസ് നിർമ്മാണവും പുനരുദ്ധാരണവും	14,62,000
3.	സെക്രട്ടേറിയറ്റ് മെയിൻ ബിൽഡിംഗ് പുനരുദ്ധാരണം	6,00,000
4.	ഡിസ്ട്രിക്ട് ട്രഷറി തിരുവനന്തപുരം കമ്പ്യൂട്ടർ വൽക്കരണം	6,00,000
5.	ടൂറിസ്റ്റ് കോംപ്ലക്സ് പൊൻമുടി പുതിയ ബ്ലോക്ക് കെട്ടിടത്തിൽ സെറാമിക്ടൈയിൽസ് ഇടുന്ന പണി	8,49,560
6.	ബാർട്ടൺ ഹില്ലിൽ പുതിയ എൻജിനീയറിംഗ് കോളേജ് നിർമ്മാണം	11,40,000
7.	സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് വേണ്ടിയുള്ള കെട്ടിട നിർമ്മാണം	1,09,75,000
8.	തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിനുവേണ്ടി ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം	60,72,000
9.	പാംലാന്റ് കോംപൗണ്ടിൽ സെക്രട്ടേറിയറ്റ് അനക്സ് കെട്ടിടനിർമ്മാണം	5,04,19,000
10.	തിരുവനന്തപുരം പബ്ലിക് ലൈബ്രറി കോംപൗണ്ടിൽ കുട്ടികളുടെ ലൈബ്രറി കെട്ടിട നിർമ്മാണം	63,12,000
11.	തൈയ്ക്കാട് ഹോസ്പിറ്റലിൽ പുതിയ ബ്ലോക്ക് നിർമ്മാണം	2,45,48,000
12.	എം. എൽ. എ. മാർക്കുവേണ്ടി പുതിയ ഫ്ളാറ്റുകളുടെ നിർമ്മാണം	2,90,36,000
13.	ചെങ്കൽച്ചൂളയിൽ ഫയർഫോഴ്സ് ഹെഡ്ക്വാർട്ടേഴ്സിന് വേണ്ടിയുള്ള കെട്ടിടം	24,84,000
14	പാർക്ക്വ്യൂ കോമ്പൗണ്ടിൽ ടൂറിസം ഡിപ്പാർട്ടമെന്റിനുവേണ്ടി പുതിയ കെട്ടിടം	തുകയൊന്നും ചിലവായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡൽഹി

1. ന്യൂഡൽഹി കേരളാ ഹൗസിനുവേണ്ടി അഡീഷണൽ ബ്ലോക്ക് കെട്ടിട നിർമ്മാണം 5,80,72,000

തൃശൂർ ജില്ല

തൃശൂർ മെഡിക്കൽ കോളേജിലെ 7 മുതൽ 15 വരെ വാർഡുകളുടെ ബാലപ്പെടുത്തലും ടോയിലറ്റ് ബ്ലോക്കിന്റെ പുനർ നിർമ്മാണവും 35,72,071

കണ്ണൂർ ജില്ല

1. വി. കെ. കെ. എം. വിമൻസ് കോളേജ് കണ്ണൂർ 73,94,969

കോഴിക്കോട് ജില്ല

1. ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് കോഴിക്കോട് കെട്ടിട നിർമ്മാണം 32,00,000

ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിൽ temporary accomodation S.R. to Poytechnic Calicut Old/Hostel - 13,45,000

പാലക്കാട് ജില്ല

1. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ താഴെ പറയുന്ന പണികൾ

a. Fabrication and supply prestressed steel door frame and shutters 341985
b. Supplying and fixing analised aluminium windows 741763
c. Erection fixing of steel doors & frame fabrication and supply of compound gate fixing and miscellaneous works 50,195
d. Construction of RCC Pre caste compound wall 3,94,218

അനുബന്ധം XII (b)

30-3-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 76 (3717)
ദയവായി കാണുക

1.	മാവേലിക്കര മിനി സിവിൽസ്റ്റേഷൻ	1992 ഷെഡ്യൂൾ നിരക്ക്
2.	സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്	1992 ഷെഡ്യൂൾ നിരക്ക്
3.	തൈക്കാട് ഹോസ്പിറ്റൽ പുതിയ ബ്ലോക്ക്	1992 ഷെഡ്യൂൾ നിരക്ക്
4.	കുട്ടികളുടെ ലൈബ്രറി കെട്ടിടം, തിരുവനന്തപുരം	1992 എസ്/ആർ.

LIBRARY ARCHIVES Kerala Legislative Assembly

5.	കണ്ണൂർ വി. കെ. കെ. എം. വിമൻസ് കോളേജ്	1992 എസ്/ ആർ
6.	പാംലാന്റ് കോമ്പൗണ്ടിലെ സെക്രട്ടേറിയറ്റ് അനക്സ് കെട്ടിടം	1990 എസ്/ആർ
7.	ന്യൂഡൽഹി കേരള ഹൗസ് അഡീഷണൽ ബ്ലോക്ക്	1993 ഡൽഹി
8.	ഫൈൻ ആർട്സ് കോളേജ് കെട്ടിടം	1996 എസ്/ആർ
9.	എം. എൽ. എ. പുതിയ ഫ്ളാറ്റ് നിർമ്മാണം	1996 എസ്/ആർ
10.	വി. ജെ. ടി. ഹാൾ പുനരുദ്ധാരണം	1996 എസ്./ആർ.
11.	പ്ലാനിംഗ് ബോർഡ് ഓഫീസ് കെട്ടിട നിർമ്മാണവും പുനരുദ്ധാരണവും	1996 എസ്/ആർ.
12.	ടൂറിസ്റ്റ് കോംപ്ലക്സ് പൊൻമുടി പുതിയ ബ്ലോക്ക് കെട്ടിടത്തിന്റെ സിറാമിക്ടൈൽസ് ഇടുന്ന പണി	1996 എസ്/ആർ
13.	തൃശൂർ മെഡിക്കൽ കോളേജിലെ 7 മുതൽ 15 വരെയുള്ള വാർഡുകളുടെ ബലപ്പെടുത്തലും ടോയിലറ്റ് ബ്ലോക്കിന്റെ പുനർ നിർമ്മാണവും	1996 എസ്/ആർ
14.	പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ വിവിധ പണികൾ	1996 എസ്/ആർ
15.	ചെങ്കൽചൂളയിൽ ഫയർഫോഴ്സ് ഹെഡ് ക്വാർട്ടേഴ്സ് കെട്ടിടം	1999 എസ്/ആർ.
16.	പാർക്ക് വ്യൂ കോമ്പൗണ്ടിൽ ടൂറിസം ഡിപ്പാർട്ട്മെന്റിനു വേണ്ടിയുള്ള കെട്ടിടം	1999 എസ്/ആർ
17.	സെക്രട്ടേറിയറ്റ് മെയിൻ ബിൽഡിംഗ് പുനരുദ്ധാരണം	1999 എസ്/ആർ
18.	ഡിസ്ട്രിക്ട് ട്രഷറി തിരുവനന്തപുരം കമ്പ്യൂട്ടർ വൽക്കരണം	1999 എസ്/ആർ
19.	ബാർട്ടൺഹിൽ എൻജിനിയറിംഗ് കോളേജ് നിർമ്മാണം	1999 എസ്/ആർ
20.	കോഴിക്കോട് എൻജിനീയറിംഗ് കോളേജിന്റെ കെട്ടിടം	1999 എസ്/ആർ
21.	കോഴിക്കോട് ഗവൺമെന്റ് എൻജിനിയറിംഗ് കോളേജിലെ താത്കാലിക സൗകര്യങ്ങൾ	1999 എസ്/ആർ

LIBRARY ARCHIVES Kerala Legislative Assembly